**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2359** **12-10-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ വാഹനങ്ങളുടെ മെയിന്റിനൻസ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എംഎൽഎ ഫണ്ട്, ത്രിതല പഞ്ചായത്തുകളുടെ ഫണ്ട് എന്നിവ മുഖാന്തരം സർക്കാർ സ്കൂളുകൾക്ക് വാങ്ങി നൽകിയിട്ടുള്ള സ്കൂൾ വാഹനങ്ങൾക്ക് മെയിന്റിനൻസ് ഫണ്ട് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (എ) | നിയോജകമണ്ഡല ആസ്തിവികസന പദ്ധതി മർഗ്ഗരേഖയായ സ.ഉ (അച്ചടി) നം. 119/2018/ധന, തീയതി 04/08/2018 ഉത്തരവിലെ ഖണ്ഡിക 2.13 പ്രകാരം ബസ് അനുവദിക്കുന്നതിന്റെ ഭാഗമായി യാതൊരു വിധത്തിലുള്ള തസ്തിക സൃഷ്ടിക്കലോ ആവർത്തന ചെലവുകളോ ആസ്തി വികസന പദ്ധതിയിൽ നിന്നും അനുവദനീയമല്ല. **എം എൽഎ മാരുടെ പ്രത്യേക വികസന നിധി മാർഗ്ഗരേഖയായ സ.ഉ.(അച്ചടി) നം.161/2017/ധന, തീയതി 29.12.2017 ഉത്തരവിലെ അനുബന്ധം 1 ലെ ഖണ്ഡിക 34 പ്രകാരം സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബസ്/വാഹനം വാങ്ങി നൽകൽ/ വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന ചിലവുകൾ (ഡ്രൈവറുടെ ശമ്പളം ഉൾപ്പെടെ), പരിപാലനം എന്നിവ സ്കൂൾ പി.ടി.എ വഹിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.**<br><br>**സ്കൂളുകൾക്ക് വേണ്ടി വിവിധ പദ്ധതികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളുടെയും ഭാഗമായി വാങ്ങിയ വാഹനങ്ങളുടെ മെയിന്റനൻസ് ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കാൻ പാടില്ല എന്ന് 19/04/2022 ലെ സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ മാർഗ്ഗരേഖ ഖണ്ഡിക 8.6.19 ൽ നിഷ്കർഷിച്ചിരിക്കുന്നു. ടി ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പാണ്.** |

സെക്ഷൻ ഓഫീസർ